**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2298** **12-12-2022 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ ആശുപത്രികളുടെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോന്നി മണ്ഡലത്തിലെ ചിറ്റാർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും കൂടൽ , മലയാലപ്പുഴ, എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; നടപടികൾ വിശദമാക്കാമോ; | (എ) | പത്തനംതിട്ട ജില്ലയിൽ കോന്നി നിയോജക മണ്ഡലത്തിലെ ചിറ്റാർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന് എഗ്രി മെന്റ് വെച്ചിട്ടുള്ളതും പണികൾ ഉടൻ തന്നെ ആരംഭിക്കുന്നതുമാണ്. കൂടൽ കുടുംബാരോഗ്യ കേന്ദ്രത്തിന് 662.16 ലക്ഷം രൂപയും മലയാലപ്പുഴ കുടുംബാ രോഗ്യ കേന്ദ്രത്തിന് 762.8 ലക്ഷം രൂപയും നബാർഡ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സ്ട്രക്ച്ചറൽ ഡിസൈൻ നടപടികൾ പൊതുമരാമത്ത് വകുപ്പിൽ പുരോഗമിക്കുകയാണ്. സാങ്കേതികാനുമതി നൽകി ടെൻഡർനടപടികൾ പൂർത്തിയാക്കി അധികം വൈകാതെ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കോന്നി താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (ബി) | കോന്നി താലൂക്ക് ആശുപത്രിയ്ക്ക് വേണ്ടി എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടക്കുന്ന കെട്ടിടത്തിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 208ലക്ഷം രൂപ ചെലവിൽ ലേബർ റൂമിനെ ലക്ഷ്യനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവൃത്തികൾ 2023 മെയ്-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2. 93 ലക്ഷം രൂപ ചിലവിൽ നടക്കുന്ന ഒ.പി പരിവർത്തന പ്രവൃത്തികളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. 2023 മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>3. 100 ലക്ഷം രൂപ ചെലവിൽ സ്ഥാപിക്കുന്ന നേത്രരോഗ വിഭാഗത്തിന്റെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. പദ്ധതി 2023 സെപ്റ്റംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | 4. കോന്നി മണ്ഡലത്തിൽ നിന്നും ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് താലൂക്ക് ആസ്ഥാന ആശുപത്രി കോന്നി തിരഞ്ഞെ ടുത്തിരുന്നു. ഇതിനായി പദ്ധതിപ്രദേശം സജ്ജമാക്കുന്ന നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ